നൈനാൻകോണം ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനം

1764 [2686] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിലെ നൈനാൻകോണം ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

നൈനാൻകോണം ഒരു ഹരിജൻ സങ്കേതമാണ്. അവിടെ 1982 ഏപ്രിൽ മുതൽ 1986 സെപ്റ്റംബർ വരെ ഒരാൾക്ക് വീട് വൈദ്യുതീകരിക്കുന്നതിനുള്ള ധനസഹായം നൽകിയിട്ടുണ്ട്.

കൊട്ടാരക്കോണം ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനം

1765 [2687] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിലെ കൊട്ടാരക്കോണം ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കൊട്ടാരക്കോണത്ത് പട്ടികജാതി വികസന വകുപ്പ് അംഗീകരിച്ച ഹരിജൻ കോളനി ഇല്ല. അതുകൊണ്ട് ഇവിടത്തെ ഹരിജനങ്ങളുടെ ഉന്നമനത്തിനുവേണ്ടി പ്രത്യേക പദ്ധതികളൊന്നും ഈ വകുപ്പ് നടപ്പാക്കിയിട്ടില്ല.

കൊല്ലൂർക്കോണം ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനം

1766 [2688] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിലെ കൊല്ലൂർക്കോണം ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി ഇതിനകം എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇവിടെ പ്രത്യേക പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

വെള്ളല്ലൂർ ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനം

1767 [2689] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിൽപ്പെട്ട വെള്ളല്ലൂർ ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly